തൊഴിൽ തർക്കം സംബന്ധിച്ച വിധി.

61. [21] ശ്രീ. കെ. മൊയിതീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ താലൂക്കിൽ കൊടക്കൽ ഓട്ടുകമ്പനി മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ 1958–ലെ ബോണസിനെ സംബന്ധിച്ച് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ ഉണ്ടായിരുന്ന ഐ. ഡി. 105/59–ാം നമ്പർ കേസ് വിധിയായി കഴിഞ്ഞുവോ ;

(ബി) വിധിയായെങ്കിൽ എന്തു തീയതിക്കാണ് ;

(സി) ഈ വിവരത്തിന് ഗവണ്മെൻറിലേക്ക് റിപ്പോർട്ട് വന്നിട്ടുണ്ടോ ;

(ഡി) ഗവണ്മെൻറിൽ റിപ്പോർട്ട് വന്നുകഴിഞ്ഞെങ്കിൽ ഗസറ്റിൽ പ്രസിദ്ധീകരിക്കാതിരിക്കാൻ കാരണമെന്ത് ;

(ഈ) എന്നേക്ക് പ്രസിദ്ധീകരിക്കും ?

ഉത്തരം.

(എ) കേസ് വിധിയായി കഴിഞ്ഞു.

(ബി) 7–12–1963.

(സി) ഉണ്ട്.

(ഡി) 4–2–1964–ലെ കേരളാ ഗസറ്റ് നമ്പർ 5 പാർട്ട് 1–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഈ) ഉദിക്കുന്നില്ല.

CALLING ATTENTION UNDER RULE 61.

9 A. M.]

Damage caused to the S. G. N. Factory at Chengamanadu by fire.

Mr. Speaker: Order, order. I have received a notice under Rule 61 from Shri R. Balakrishna Pillai about a serious situation regarding the huge damage to property and loss of life consequent on the fire accident. I call upon the hon. Member to state the facts.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഒരാളിന്റെ മരണത്തിനും, വളരെയധികം ആളുകൾക്ക് ഗുരുതരമായ അപകടം സംഭവിക്കുന്നതിനും, ഒരു ഫാക്ടറി പൂർണ്ണമായി കത്തിനശിക്കുന്നതിനും ഇടയായ ഒരു ദുരന്തസംഭവം, ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തി, ആ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അടിയന്തിരാശ്വാസം നൽകുന്നതിനും, ആ ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് വേണ്ട സഹായം നൽകുന്നതിനും ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

15—ാം തീയതി ഉച്ചയ്ക്ക് കൊട്ടാരക്കരയ്ക്ക് കിഴക്ക് ചെങ്കമനാട്, സുധീഷ് ഗണേഷ് കശുവണ്ടി ഫാക്ടറി പരിപൂർണ്ണമായി കത്തിനശിക്കുകയുണ്ടായി. ജോലി നടന്നുകൊണ്ടിരുന്ന സന്ദർഭത്തിലായിരുന്നു ഫാക്ടറിയുടെ വറുപ്പ് മെഷീനിന് തീ പിടിക്കുകയും മിക്കവാറും ഓലപ്പുരയായിരുന്ന ഫാക്ടറിയിലെ പ്രോസസ് നടന്നുകൊണ്ടിരുന്ന കശുവണ്ടി ഉൽപ്പടെ വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുള്ളതുമാണ്. കണക്കാക്കപ്പെട്ടിരിക്കുന്നത് മൂന്നുലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ്. ഫാക്ടറി പരിപൂർണ്ണമായി കത്തിയെരിയുകയും ചെയ്തു. കൊല്ലത്തുനിന്നും ഫയർ എൻജിൻ ഫാക്ടറി കത്തിയെരിഞ്ഞതിനുശേഷമാണ് സ്ഥലത്തു വന്നുചേർന്നത്. ആ പ്രദേശത്തു നാലു മൈലിനകത്തു ഒരു മാസത്തിനുള്ളിൽ മൂന്നാമത്തെ അപകടമാണിത്. പലപ്പോഴും ഫയർ എൻജിൻ കൊല്ലത്തുനിന്നു വന്നുചേരുമെങ്കിലും കൊട്ടാരക്കരയ്ക്കിടയിൽ ഉള്ള മൂന്നു റെയിൽവേ ഗേറ്റു സാധാരണയായി അടച്ചു പോകുമെന്നുള്ളതിനാൽ തീ കത്തി പരിപൂർണ്ണമായ നാശം സംഭവിച്ചതിനു ശേഷമേ ഫയർ എൻജിനു സംഭവസ്ഥലത്തു വന്നുചേരാൻ സാധിക്കുകയുള്ളു എന്നൊരു ദുരവസ്ഥ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ട്. ഈ കാര്യത്തിലും അങ്ങനെയാണ സംഭവിച്ചതു. ഫാക്ടറി കത്തിത്തുടങ്ങി 5 മിനിട്ടിനകം കൊല്ലത്തു വിവരം അറിയിച്ചു. പരിപൂർണ്ണമായി ഫാക്ടറി കത്തിയെരിയുകയും, പ്രോസസ് കഴിഞ്ഞ മുഴുവൻ ചരക്കുകളും വെന്തുനശിക്കുകയും ചെയ്തതിനുശേഷമാണ് ഫയർ എൻജിൻ വന്നുചേർന്നതു. ഒരു ഫയർ എൻജിൻ വഴിക്കു കേടായി കിടന്നു. തിരുവനന്തപുരത്തുനിന്നു മറൊരു ഫയർ എൻജിൻ വന്നപ്പോഴേക്കും ഫാക്ടറി പൂർണ്ണമായി നശിച്ചു കഴിഞ്ഞിരുന്നു. ആ ഫാക്ടറിയിൽ 1300 തൊഴിലാളികൾ പണിയെടുത്തിരുന്നു. വളരെക്കാലത്തെ പഴക്കമുള്ള ഒരു ഫാക്ടറിയാണതു. അവിടെ പത്തും, പതിനഞ്ചും കൊല്ലത്തെ സർവ്വീസുള്ള തൊഴിലാളികൾ ഉണ്ട്. ആ തൊഴിലാളികളുടെ നില ഇന്നു വളരെയധികം ദയനീയമാണ്. ആ പ്രദേശത്തു വാസ്തവത്തിൽ പട്ടിണി പടർന്നു പിടിച്ചിരിക്കുകയാണ്. ആ പ്രദേശം ആകപ്പാടെ ഉറങ്ങിക്കിടക്കുകയാണ്. 1300 തൊഴിലാളി കുടുംബങ്ങളും, അവരെ ഉപജീവിച്ചു കഴിയുന്ന ചെറുകിട കച്ചവടക്കാരും ഇന്നു നിരാശയിലാണ്ടു കഴിയുകയാണ്. കൂടാതെ, തീപിടിത്തംമൂലം സ്റ്റാഫിൽപ്പെട്ട ഒരു ലൂക്കോസ് മരിക്കുകയും ചെയ്തു. പത്തിരുപതോളംപേരെ ആശുപത്രിയിലുമാക്കിയിട്ടുണ്ട്. വളരെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ള ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ 1300 തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് അടിയന്തിരമായ എന്തെങ്കിലും ആശ്വാസം നൽകേണ്ടതു അത്യന്താപേക്ഷിതമാണ്. ആ പ്രദേശത്തു വളരെ അധികം കശുവണ്ടി ഫാക്ടറികൾ ഉണ്ട്. കൊട്ടാരക്കര താലൂക്കിൽ ഏതാണ്ടു 25 കശുവണ്ടി ഫാക്ടറികൾ ഉണ്ട്. അതിൽ മൂന്നു ഫാക്ടറികൾ അടുത്തകാലത്തു തീ കത്തി നശിച്ചിരിക്കുകയാണ്. മനഃപൂർവ്വം ആരും തീകത്തിച്ചതല്ല. ആ പ്രദേശത്തു ഇങ്ങനെയുള്ള ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ, ഇതിനോടു ബന്ധപ്പെട്ട ഒരു കാര്യമെന്ന നിലയിൽ ഒരു ഫയർ സ്റ്റേഷൻകൂടി സ്ഥാപിക്കണമെന്നു ഗവണ്മെൻറിനോടു ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

സർ, മൂന്നുലക്ഷത്തോളം രൂപയുടെ നഷ്ടം ഈ സംഭവംമൂലം ഉണ്ടായിട്ടുണ്ട്. 1300 തൊഴിലാളികൾക്കു ജോലി നഷ്ടപ്പെട്ടിരിക്കുകയാണ്. ഫാക്ടറി തുടങ്ങുന്നതുവരെ തൊഴിലാളികൾക്കു എന്തെങ്കിലും അടിയന്തിരാശ്വാസം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ഫാക്ടറി പുനരാരംഭിക്കുന്നതിനു സാമ്പത്തികസഹായം ചെയ്യാ മറ്റു ഏർപ്പാടുകൾമൂലമോ സത്വരമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യണമെന്നു അഭ്യർത്ഥിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ ഇതിനാവശ്യമായ ആശ്വാസനടപടികൾ കൈക്കൊണ്ടില്ലെങ്കിൽ തൊഴിലാളികൾ പട്ടിണിയിലും ദുരിതങ്ങളിലും ആണ്ടുപോകുമെന്നുള്ളതിനാൽ, അവർക്ക സത്വരമായ റിലീഫ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri K. T. Atchuthan: Sir, after collecting the information, I shall give the reply.

(ii) Arrest of and assault on Shri K. R. Chandrasekhara Pillai, President of the Thiruvalla Town Congress Mandal by a Sub Inspector of Police.

Mr. Speaker: There is another notice by Shri P. Chacko about the serious situation arising out of the arrest of and assault on Shri K. R. Chandrasekhara Pillai, the President of the Thiruvalla Town Congress Mandal by the Sub Inspector of Police on 21-2-1964.

I am referring it to Government for necessary action.

LEGISLATIVE BUSINESS

Mr. Speaker: Now we pass on to Legislative Business

The Calicut City Municipal (Amendment) Bill 1963.

Clauses 20 *to* 22

Mr. Speaker: There are no amendments to clauses 20 to 22.

The question that Clauses 20 to 22 stand part of the Bill was put and carried.

Clauses 20 to 22 were added to the Bill.

Clause 23

Shri K.A. Damodara Menon: Sir, I move amendment No. 9.

9. In clause 23, in sub-clause (1), for the words "municipal corporation" occurring between the words "passing through more than one" and "or municipality" the word "City" shall be substituted.

This is only a verbal amendment, Sir.

The amendment was put and carried.

The question that Clause 23, as amended, stand part of the Bill was put and carried.

Clause 23, as amended, was added to the Bill.

Clauses 24 *to* 29.

Mr. Speaker: There are no amendments to Clauses 24 to 29.

The question that Clauses 24 to 29 stand part of the Bill was put and carried

Clauses 24 to 29 were added to the Bill.

Clause 30

Shri K. A. Damodara Menon: Sir, I move amendment Nos. 10 and 11.

10. "In clause 30 (in the proposed new section 446) in sub-section (3) for the word 'elected' the word "constituted" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly